മാതൃഭൂമി

7 December 1977

# പൂനാരൻ ചെമ്മീൻ വിരിയിച്ചെടുത്തു

കൊച്ചി, ഒക്ടോബർ 11

വാണിജ്യരംഗത്ത് "പൂനാരൻ" (പിനായസ് സെമിസൽക്കാററസ്) എന്നറിയപ്പെടുന്ന ചെമ്മീൻ വിരിയിച്ചെടുത്തു കൃഷിചെയ്യുന്നതിൽ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിററ്യൂട്ട് വിജയകരമായ നേട്ടം കൈവരിച്ചിരിക്കുന്നു. ചെമ്മീൻകൃഷിയിൽ വലിയൊരു കാൽവെപ്പായി കരുതപ്പെടുന്ന ഈ നേട്ടം കൈവരിച്ചത് മദിരാശിക്കടുത്ത് കോവളത്തുള്ള ഇൻസ്റ്റിററ്യൂട്ടിന്റെ ഫാമിൽവെച്ചാണ്.

നിയന്ത്രിത സാഹചര്യങ്ങൾ ഒരുക്കിക്കൊണ്ട് മുട്ട ശേഖരിച്ച് വിരിയിച്ചെടുക്കാനും ചെമ്മീൻകുഞ്ഞുങ്ങളെ വിജയകരമായി വളർത്തിയെടുക്കാനും മററുമുള്ള വികസനപ്രക്രിയകൾ 14 ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാക്കപ്പെട്ടു. വാണിജ്യരംഗത്ത് പ്രധാന ഇനമായ ഈ ചെമ്മീൻ കൃഷിചെയ്യുന്നത് ഇന്ത്യയിൽ ഇതാദ്യമാണ്. ഇതു സംബന്ധിച്ച് കോവളത്ത് പരീക്ഷണശാലയിലെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

ചെമ്മീൻ വൻതോതിൽ കൃഷിചെയ്യുന്ന കാര്യത്തിൽ ആധുനിക മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുവാനുള്ള ഇൻസ്റ്റിററ്യൂട്ടിന്റെ ശ്രമങ്ങളിൽ ഒരു സുപ്രധാന കാൽവെപ്പാണിതെന്ന് ഇൻസ്റ്റിററ്യൂട്ടിന്റെ ഡയറക്ടർ ഡോ: ഇ. ജി. സൈലസ് പറഞ്ഞു.

കൊച്ചിക്കടുത്ത് ഞാറയ്ക്കലിലുള്ള കൃഷിവിജ്ഞാൻ കേന്ദ്രത്തിൽവെച്ച് ഇൻസ്റ്റിററ്യൂട്ട് ചെമ്മീൻകൃഷിയിലെ ആധുനികമാർഗ്ഗങ്ങളെക്കുറിച്ച് പരിശീലനം നൽകിവരുന്നുണ്ട്. വികസിപ്പിച്ചെടുക്കുന്ന സാങ്കേതിക വിദ്യകൾ പ്രവർത്തനപഥത്തിലേക്ക് ഫലപ്രദമായി കൊണ്ടുവരാനുള്ള ഉദ്ദേശത്തോടെയാണ് ഈ പരിശീലനപരിപാടി നടത്തുന്നത്.